"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി ഡയറക്ടർ, **SFTI** അരിപ്പയുടെയും **ACF & TA** ടു കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് **(HRD)** - യുടെയും അധിക ചുമതല വർക്കിങ് പ്ലാൻ & റിസർച്ച് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ശ്രീ.സന്തോഷ്കുമാർ.ബി - യ്ക്ക് നൽകിയ നടപടി ക്രമം സാധൂകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**525/2024/F&WLD** തീയതി, തിരുവനന്തപുരം, **13-12-2024**

---

പരാമർശം:- 1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ **11.11.2024** – ലെ **KFDHQ/8184/2024-ADMIN/D2** നമ്പർ നടപടിക്രമം.

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ **13.11.2024** - ലെ **KFDHQ/8184/2024-ADMIN/D2** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വകുപ്പിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും, അരിപ്പ സ്റ്റേറ്റ് ട്രയിനിങ് ഇൻസ്റ്റിട്യൂട്ടിലെ ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീ.ജോസ് എച്ച്.ടി - ക്ക് **(പെൻ:488812), 11.11.2024** മുതൽ **20.11.2024** വരെ പിതൃത്വ അവധി അനുവദിച്ചു കൊണ്ടും, ഭരണ സൗകര്യാർത്ഥം ഡെപ്യൂട്ടി ഡയറക്ടർ **SFTI** അരിപ്പയുടെയും, **ACF & TA** ടു കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് **(HRD)** - യുടെയും അധിക ചുമതല ഒരു താത്ക്കാലിക ക്രമീകരണം എന്ന നിലയിൽ സർക്കാരിൽ നിന്നുള്ള സാധൂകരണത്തിനു വിധേയമായി വർക്കിങ് പ്ലാൻ & റിസർച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.സന്തോഷ്കുമാർ.ബി - യ്ക്ക് **(പെൻ:480950)** നൽകി കൊണ്ടും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം **1** നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനു സാധൂകരണം നൽകണമെന്ന് പരാമർശം **2** കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ & ഡെപ്യൂട്ടി ഡയറക്ടർ സ്റ്റേറ്റ് ട്രയിനിങ് ഇൻസ്റ്റിട്യൂട്ട് അരിപ്പ, ശ്രീ.ജോസ് എച്ച്.ടി - ക്ക് **(പെൻ:488812), 11.11.2024** മുതൽ **20.11.2024** വരെ പിതൃത്വ അവധി അനുവദിച്ചതിനാൽ, ഭരണ സൗകര്യാർത്ഥം, ഒരു താത്ക്കാലിക ക്രമീകരണം എന്ന

നിലയിൽ ഡെപ്യൂട്ടി ഡയറക്ടർ **SFTI** അരിപ്പയുടെയും, **ACF & TA** ടു കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് **(HRD)** - യുടെയും അധിക ചുമതല, വർക്കിങ് പ്ലാൻ & റിസർച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ശ്രീ.സന്തോഷ്കുമാർ.ബി - ക്ക് (പെൻ:**480950**) നൽകി കൊണ്ടുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം **1** നടപടിക്രമം സാധൂകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ [ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന ].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
Date: 13-12-2024 12:21:41
സെക്ഷൻ ഓഫീസർ